**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4205** — **28-06-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷന് സ്ഥലം കണ്ടെത്തൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ മണ്ഡലത്തിൽ കെ.എസ്.ആർ.ടി.സി.ബസ്സ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഇളംമ്പള്ളൂർ, കുണ്ടറ എന്നീ ഗ്രാമപഞ്ചായത്തുകൾ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (എ) | കുണ്ടറ മണ്ഡലത്തിൽ കെ.എസ്.ആർ.ടി. സി. ബസ്സ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനായി ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന പ്രകാരം സബ് കമ്മിറ്റി രൂപീകരിച്ചിരുന്നു. എന്നാൽ നാളിതുവരെ ടി ആവശ്യത്തിന് സ്ഥലം കണ്ടെത്താനായിട്ടില്ല. കുണ്ടറ ഗ്രാമ പഞ്ചായത്തിൽ കെ.എസ്. ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ